പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5745 | 29.07.2015 ൽ മറുപടിക്ക്

## അന്യസംസ്ഥാനത്തൊഴിലാളികളുടെ വിവരശേഖരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) കേരളത്തിലേയ്ക്ക് വരുന്ന അന്യസംസ്ഥാനത്തൊഴിലാളികളെ സംബന്ധിച്ച് മതിയായ വിവരങ്ങൾ അധികൃതർ ശേഖരിക്കാറുണ്ടോ; നിലവിൽ എന്തെല്ലാം വിവരങ്ങളാണ് ഇവരിൽ നിന്നും ശേഖരിക്കുന്നത്; വ്യക്തമാക്കാമോ; | (എ) വിവരങ്ങൾ ശേഖരിക്കാറുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ വിലാസവും മറ്റു വിവരങ്ങളും അതാതു പോലീസ് സ്റ്റേഷനുകളിൽ ശേഖരിക്കുകയും അപ്രകാരമെത്തുന്ന തൊഴിലാളികളുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചു വരികയും ചെയ്യുന്നു. തൊഴിലുടമയുടെയും തൊഴിൽ സ്ഥാപനത്തിന്റെയും പേരും വിലാസവും, അന്യസംസ്ഥാന തൊഴിലാളിയുടെ പേരും വിലാസവും, ഫോട്ടോ, ഒപ്പ്, തിരിച്ചറിയൽ കാർഡ്, ഫോൺ നമ്പർ, വിരലടയാളം എന്നുമുതൽ ജോലി ചെയ്തുവരുന്നു തുടങ്ങിയ കാര്യങ്ങളും രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചുവരുന്നുണ്ട്. |
| (ബി) മതിയായ യാത്രാരേഖകളോ തിരിച്ചറിയൽ രേഖകളോ ഇല്ലാതെ ബംഗ്ലാദേശികൾ കേരളത്തിലേയ്ക്ക് വരുന്നത് വർദ്ധിച്ചതായും ഇവർക്കിടയിൽ ക്രിമിനലുകളും തീവ്രവാദ സംഘടനകളുമായി ബന്ധമുള്ളവരും വ്യാജതിരിച്ചറിയൽ കാർഡുമായി കഴിയുന്നതായും ഉള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) മതിയായ യാത്രാരേഖകളോ തിരിച്ചറിയൽ രേഖകളോ ഇല്ലാതെ ബംഗ്ലാദേശികൾ കേരളത്തിലേയ്ക്ക് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർക്ക് തീവ്രവാദ സംഘടനകളുമായി ബന്ധമുള്ളതായി അറിവായിട്ടില്ല. |
| (സി) എങ്കിൽ അന്യസംസ്ഥാന ത്തൊഴിലാളികളുടെ വിവരശേഖരണവുമായി ബന്ധപ്പെട്ട് അധികൃതർ കൂടുതൽ ജാഗ്രത പുലർത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം കൃത്യമായി നടപ്പിൽ വരുത്തുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനിലേക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും ഇവരെ സംബന്ധിച്ച് കൂടുതൽ |

ജാഗ്രത പുലർത്തണമെന്നും ഇവരുടെ
തിരിച്ചറിയൽ കാർഡുകൾ പരിശോധനയ്ക്ക്
വിധേയമാക്കുകയും സംശയമുള്ളവരെ
സംബന്ധിച്ചുള്ള വിവരങ്ങൾ
ശേഖരിക്കേണ്ടതായും മറ്റുമുള്ള നിർദ്ദേശങ്ങളും
നൽകിയിട്ടുണ്ട്. ഇതരസംസ്ഥാന
തൊഴിലാളികളിൽ തീവ്രവാദ സംഘടനയുമായി
ബന്ധമുള്ളവരും മറ്റും
ഉണ്ടോയെന്നറിയുന്നതിനായി ലോക്കൽ
പോലീസും ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് വിഭാഗവും,
സംസ്ഥാന ഇന്റലിജൻസ് വിഭാഗവും ജാഗ്രത
പുലർത്തി വരുന്നുണ്ട്. കൂടാതെ നൈറ്റ്
പട്രോളിംഗ്, ജനമൈത്രി ബീറ്റ്
മുതലായവയിലൂടെ ഇതരസംസ്ഥാന
തൊഴിലാളികളുടെ പ്രവർത്തനങ്ങൾ
നിരീക്ഷിച്ചുവരുന്നു.

Rajani M
സെക്ഷൻ ഓഫീസർ